പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.7323 — 16.07.2012-ൽ മറുപടിക്ക്

## എം.സി. റോഡിലെ പന്തളം പഴയപാലം പുനർനിർമ്മാണം

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ). എം.സി. റോഡിൽ പന്തളം ജംഗ്ഷനിൽ പഴയ പാലത്തിന് റോഡ് വീതിയില്ലാത്തതിനാൽ ഗതാഗതക്കുരുക്ക് സാധാരണയായി അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ). ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി). എങ്കിൽ കെ.എസ്.ടി.പി-യുടെ പരിധിയിൽപ്പെട്ട പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി). പ്രസ്തുത പാലം കാൽനടയാത്രക്കാർ കൂടി ഉപയോഗിക്കുന്നതിനാലാണ് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത്. കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ നിർമ്മിച്ച എം.സി. റോഡിലെ പന്തളം പാലത്തിന്റെ ഇരുവശങ്ങളിലും 2 മീറ്റർ വീതിയിൽ സ്റ്റീൽ നടപ്പാലം ചെയ്യുന്ന പ്രവൃത്തിയുടെ കരാർ നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പന്തളം പാലത്തിന്റെ പുനർനിർമ്മാണം ഇപ്പോൾ കെ.എസ്.ടി.പി.-യുടെ പരിഗണനയി ലില്ല. |

സെക്ഷൻ ഓഫീസർ